# ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ സക്രിയമായി ഇടപെട്ട് ജീവിക്കാൻ ആവശ്യമായ ശേഷികളും ധാരണകളും മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ടുനയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്ന വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തെ സാധൂകരിക്കാനായി ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു. വിദ്യാലയങ്ങളിൽ ഓരോ കുട്ടിക്കും വിദ്യാലയ ന്തരീക്ഷവും പഠന പ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പു വരുത്താൻ ആവക്യമായ പ്രവർത്തനങ്ങളാണ് ഈ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

ഈ അക്കാദമിക വർഷം സ്കൂളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൂതനവും പ്രയോജനകരവുമായ ഒട്ടേറെ കാര്യങ്ങൾ ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അധ്യാപകർ, വിദ്യാർത്ഥികൾ ഈ പ്രതിനിധികൾ, പിടിഎ അംഗങ്ങൾ തുടങ്ങി, സ്കൂളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരേയും സഹകരിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ ഈ വർഷം നടത്തപ്പെടുന്നു. കുട്ടികൾക്ക് ഏറ്റവും പ്രയോജനകരമായ ഒന്നായി ഈ മാസ്റ്റർപ്ലാൻ മാറുമെന്ന് പ്രതീക്ഷിക്കുന്നു.

| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലകൾ |
|---|---|---|
| ജൂൺ | ➢ പ്രവേശനോത്സവം വിപുലമായ പരിപാടികളോടെ നടത്തുപ്പെടുന്നു.<br>➢ പഞ്ചായത്ത്, പിറ്റിഎ പ്രതിനിധികൾ എന്നിവരുടെയെല്ലാം സഹകരണത്തോടെ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടെ നടത്തി കൃത്യമായ ആസൂത്രണത്തോടെ നടത്തപ്പെടുന്നു. | പി.റ്റി.എ അംഗങ്ങൾ, അധ്യാപക - അനധ്യാപകർ |
| | ➢ ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾക്ക് തുടക്കമിടുന്നു. എല്ലാ ക്ലാസ്സുകളിലും അധ്യാപകർ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നതിനൊപ്പം എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | വിമുക്തി ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |
| | ➢ എസ് ആർ ജി മീറ്റിംഗ് നടത്തി എല്ലാ ക്ലാസിലേയും ക്ലാസ് പിറ്റിഎ സംഘടിപ്പിക്കാനും പാഠഭാഗങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിക്കുന്നു. | എസ് ആർ ജി |
| | ➢ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കുന്നു. പരിസ്ഥിതി പ്രവർത്തകരുടെ ക്ലാസ്സുകൾ, കുട്ടികൾക്കായി പോസ്റ്റർ നിർമ്മാണം, ക്വിസ്, ചിത്രരചന, സെമിനാർ തുടങ്ങിയവ സംഘടിപ്പിക്കുന്നു. | ഇക്കോ ക്ലബ്ബ്<br>സീഡ് ക്ലബ്ബ് |
| | ➢ സമുദ്രദിനത്തോട് അനുബന്ധിച്ച് പ്രബന്ധാവതരണം നടത്തുന്നു. | സയൻസ് ക്ലബ്ബ് |
| | ➢ വായനാ ദിനം വിപുലമായ പരിപാടികളോടെ നടത്തപ്പെടുന്നു. പ്രസംഗമത്സരം, ക്വിസ്, കവിതാലാപനം പുസ്തക നിരൂപണം തുടങ്ങിയവയിൽ മത്സരങ്ങൾ നടത്തപ്പെടുന്നു. | വിദ്യാരംഗം കലാസാഹിത്യ വേദി |
| | ➢ രക്തദാന ദിനവുമായി ബന്ധപ്പെട്ട് രക്തദാനത്തിന്റെ പ്രധാന്യത്തെപ്പറ്റി കുട്ടികൾക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. കുട്ടികളുടെ ബ്ലഡ് ഗ്രൂപ്പ് അറിയാൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. | ഹെൽത്ത് ക്ലബ്ബ് |
| | ➢ ലിറ്റിൽ കൈറ്റ് അഭിരുചി പരീക്ഷനടത്തി എട്ടാം ക്ലാസിലെ കുട്ടികളെ തിരഞ്ഞെടുക്കുന്നു. ഒൻപതാം ക്ലാസിലെ കുട്ടികൾക്ക് പരിശീലനം ആരംഭിക്കുന്നു. | ലിറ്റിൽ കൈറ്റ് ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |

| | | |
|---|---|---|
| ജൂലൈ | ➢ അന്താരാഷ്ട്ര യോഗദിനത്തോട് അനുബന്ധിച്ച് കുട്ടികൾക്ക് ലളിതമായ യോഗാസനമുറകളിൽ ക്ലാസ്സുകൾ ക്ലാസ്സുകൾ നടത്തുന്നു. | |
| | ➢ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ കുട്ടികൾക്ക് അനായാസമായി വായിക്കാനും എഴുതാനും ആവശ്യമായ പരിശീലനം നൽകാൻ തീരുമാനിച്ച് ക്ലാസുകൾ നടത്തപ്പെടുന്നു. | മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷാ ക്ലബ്ബുകൾ |
| | ➢ ലോകലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രതിഞ്ജ എടുക്കുകയും കുട്ടികൾക്ക് ലഹരിവിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | വിമുക്തി ക്ലബ്ബ് |
| | ➢ സ്കൂൾ റേഡിയോ സർഗവാണി ആരംഭിക്കുന്നു. | |
| | ➢ ലഹരി വിരുദ്ധ ബോധവത്കരണ സന്ദേശങ്ങൾ സ്കൂളിൽ ക്യാമ്പിലെ പലയിടങ്ങളിലായി സ്ഥാപിക്കുന്നു. | SPC<br>JRC |
| | ➢ പീരിയോഡിക് ചാർട്ട് നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കുന്നു. കൂടാതെ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് പ്രചോദനം നൽകുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സയൻസ് ക്ലബ്ബ് |
| | ➢ ചാന്ദ്രദിനാചരണത്തോട് അനുബന്ധിച്ച് വിദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു. ക്വിസ്, പോസ്റ്റർ നിർമ്മാണം എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | സയൻസ്, സോഷ്യൽ സയൻസ് ക്ലബ്ബുകൾ |
| | ➢ പ്രകൃതി സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. സ്കൂൾ പരിസരത്ത് വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്നു. പ്രകൃതി സംരക്ഷണ പ്രതിഞ്ജ എടുക്കുന്നു. | ഇക്കോ ക്ലബ്ബ്<br>സീഡ് ക്ലബ്ബ് |
| | ➢ പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ കണ്ടെത്താനുള്ള നടപടികൾക്ക് തുടക്കമിടുന്നു. | എസ് ആർ ജി |
| | ➢ ട്രാഫിക് നിയമ ബോധവത്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. | സുരക്ഷാ ക്ലബ്ബ് |
| | ➢ കുട്ടികൾ ഉച്ചഭക്ഷണം പാഴാക്കാതിരിക്കാനും ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതിരിക്കാനുമുള്ള നടപടികൾ സ്വീകരി | ശുചിത്വക്ലബ്ബ് |

| | | |
|---|---|---|
| | ക്കുന്നു. അതിനായി വോളണ്ടിയർമാരെ നിയമിക്കുന്നു. | |
| ഓഗസ്റ്റ് | ➢ ഹിരോഷിമ, നാഗസാക്കി ദിനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി സംഘടിപ്പിക്കുന്നു. യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കുന്നു. യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കുന്നു. ഉപന്യാ രചന, പ്രസംഗ മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | സോഷൽ സയൻസ് ക്ലബ്ബ് |
| | ➢ പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകൾക്ക് തുടക്കമിടുന്നു. | എസ് ആർ ജി |
| | ➢ ലോക അവയവ ദാനവുമായി ബന്ധപ്പെട്ട ക്ലാസുകൾ കുട്ടികൾക്ക് നൽകുകയും അവയവദാനത്തിന്റെ പ്രധാന്യം അവരെ ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. | സയൻസ് ക്ലബ്ബ് |
| | ➢ ഗണിത ശാസ്ത്രവുമായി ബന്ധപ്പെട്ട് സെമിനാർ മത്സരം സംഘടിപ്പിക്കുന്നു. | ഗണിത ക്ലബ്ബ് |
| | ➢ ഇംഗ്ലീഷ് അസംബ്ലി, ഹിന്ദി അസംബ്ലി എന്നിവ സംഘടിപ്പിക്കുന്നു. | ഇംഗ്ലീഷ്, ഹിന്ദി ക്ലബ്ബുകൾ |
| | ➢ കർഷക ദിനവുമായി ബന്ധപ്പെട്ട് പ്രദേശിക കർഷകനെ ആദരിക്കുന്നു. പച്ചക്കറി കൃഷിക്ക് തുടക്കമിടുന്നു. | സീഡ് ക്ലബ്ബ് |
| | ➢ ഒന്നാം ടേം പരീഷയുമായി ബന്ധപ്പെട്ട് പാഠഭാഗങ്ങൾ കൃത്യമായി പഠിപ്പിച്ചു തീർക്കാനും കുട്ടികൾക്ക് പരീക്ഷാപരിശീലനം നൽകാനും തീരുമാനിക്കുന്നു. | എസ്.ആർ.ജി |
| സെപ്റ്റംബർ | ➢ സ്വതന്ത്ര ദിനം സമുചിതമായി ആഘോഷിക്കുന്നു. | പി റ്റി എ, സ്റ്റാഫ് |
| | ➢ ഓസോൺ ദിനവുമായി ബന്ധപ്പെട്ട് പ്രബന്ധാവതരണം, ചർച്ച എന്നിവ സംഘടിപ്പിക്കുന്നു. ഓസോൺ റാലി നടത്തുന്നു. | സയൻസ് ക്ലബ്ബ്<br>സോഷൽ സയൻസ് ക്ലബ്ബ് |
| | ➢ ഒന്നാംടം പരീക്ഷകൾ കുറ്റമറ്റ രീതിയിൽ നടത്തുകയും ഉത്തരക്കടലാസുകൾ മൂല്യനിർണയം നടത്തുകയും ക്ലാസ് പിടിഎ മീറ്റിംഗുകൾ സംഘടിപ്പിച്ച് കുട്ടികളുടെ പഠനന നിലവാരം അവലോകനം ചെയ്യുന്നു. | എസ് ആർ ജി |
| | ➢ എൻ.എം.എം.എസ്, യു.എസ്.എസ് പരീക്ഷാ പരിശീലനത്തിന് തുടക്കമിടുന്നു. എല്ലാദിവസവും വൈകുന്നേരം ഒരുമണിക്കൂർ പരിശീലനത്തിനായി മാറ്റിവയ്ക്കാൻ തീരുമാനിക്കുന്ന. | എസ് ആർ ജി |

| | | |
|---|---|---|
| | ➤ ഗണിത, സയൻസ്, സോഷ്യൽ സയൻസ്, ഐടി മേളകൾ സ്കൂൾ തലത്തിൽ സംഘടിപ്പിച്ച് സബ് ജില്ലയിലേക്ക് മത്സരിക്കാനുള്ള കുട്ടികളെ തിരഞ്ഞെടുക്കുന്നു. | ഗണിത, സയൻസ്, സോഷ്യൽ സയൻസ്, ഐടി അധ്യാപകർ |
| | ➤ പ്രവൃത്തി പരിചയമേള സംഘടിപ്പിക്കുന്നു കുട്ടികൾക്ക് പരിശീലനം നൽകുന്നു. | വർക്ക് എക്സ് പീരിയൻസ് ക്ലബ്ബ് |
| | ➤ അധ്യാപക ദിനാചരണം സംഘടിപ്പിക്കുന്നു. വിരമിച്ച അധ്യാപകരെ ആദരിക്കുന്നു. കുട്ടി ടീച്ചർ മത്സരം സംഘടിപ്പിക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ്<br>ഗണിത ക്ലബ്ബ് |
| | ➤ പേവിഷബാധയുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | ഹെൽത്ത് ക്ലബ്ബ് |
| | ➤ ജിയോജിബ്ര സോഫ്റ്റ് വെയറുമായി ബന്ധപ്പെട്ട ക്ലാസ് സംഘടിപ്പിക്കുന്നു. | ഗണിത ക്ലബ്ബ് |
| | ➤ കുട്ടികളെ സദസിനെ അഭിമുഖീകരിക്കൽ പ്രാപ്നാക്കൽ പ്രസംഗപരിശീലന കളരി സംഘടിപ്പിക്കുന്ന അതോടൊപ്പം മലയാളം ഹിന്ദി, ഇംഗ്ലീഷ് പദ്യപാരായണങ്ങൾക്ക് കുട്ടികളെ പരിശീലിപ്പിക്കുന്നു. | മലയാളം, ഹിന്ദി, ഇംഗ്ലീഷ് അധ്യാപകർ |
| | ➤ ലോകഹൃദയദിനവുമായി ബന്ധപ്പെട്ട ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സയൻസ് ക്ലബ്ബ് |
| | ➤ ലിറ്റിൽ കൈറ്റ്സ് തനതു പ്രവർത്തനങ്ങളുടെ ഭാഗമായി സൈബർ സുരക്ഷാ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് |
| | ➤ എല്ലാ ക്ലാസുകളിലും വായനക്കൂട്ടം രൂപീകരിക്കുകയും ക്ലാസ് ലൈബ്രറികൾ നിർമ്മിക്കാൻ പ്രോത്സാഹനം നൽകുകയും ചെയ്യുന്നു. | വിദ്യാരംഗം കലാസാഹിത്യ വേദി |
| | ➤ ഹിന്ദി സപ്താഹ് സമാരോഹ് സംഘടിപ്പിക്കുന്നു. | ഹിന്ദി ക്ലബ്ബ് |
| ഒക്ടോബർ | ➤ സ്കൂൾ കലോത്സവം നടത്തുകയും സബ്ജില്ലാ തലത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് പരിശീലനത്തിന് തുടക്കമിടുകയും ചെയ്യുന്നു. | ആർട്സ് ക്ലബ്ബ് |
| | ➤ ഭക്ഷ്യദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. | സയൻസ് ക്ലബ്ബ് |
| | ➤ മാക്സ് പസിൽ ഡേ സംഘടിപ്പിക്കുന്നു. | ഗണിത ക്ലബ്ബ് |
| | ➤ സബ്ജില്ലാ മേളകൾക്കായി കുട്ടികളെ തയ്യാറാക്കുന്നു. | |
| | ➤ ഗാന്ധി ജയന്തി ദിനാചരണം സംഘടിപ്പിക്കുന്നു.അതിന്റെ ഭാഗമായി ഒരാഴ്ച നീണ്ടു | എസ്.പി.സി<br>ജെ.ആർ.സി |

| | | |
|---|---|---|
| | നിൽക്കുന്ന ശുചിത്വവാരാചരണം സംഘടി പ്പിക്കുന്നു. പ്രഗത്ഭരുടെ ക്ലാസുകൾ സംഘ ടിപ്പിക്കുന്നു. ഉപന്യാസ രചന, ചിത്രരചന മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ് |
| | ➢ കവിത വായിച്ച് ആസ്വാദനകുറിപ്പ് തയ്യാ റാക്കൽ. കുട്ടികളെ പഠിപ്പിക്കുന്നു. | ഹിന്ദിക്ലബ്ബ് |
| | ➢ ഇംഗ്ലീഷ് പാഠഭാഗവുമായി ബന്ധപ്പെട്ട് ഇ. മെയിൽ അയ്ക്കാൻ കുട്ടികളെ പരിശീലി പ്പിക്കുന്നു. അതോടൊപ്പം കുട്ടികൾക്ക് ഇമെയിൽ ഐഡി സൃഷ്ടിക്കാനുള്ള സഹായങ്ങളും ചെയ്തു കൊടുക്കുന്നു. | ഇംഗ്ലീഷ് ക്ലബ്ബ്<br>ലിറ്റിൽ കൈറ്റ് ക്ലബ്ബ് |
| | ➢ സ്പോർട്സ് മത്സരങ്ങൾ സ്കൂളിൽ തല ത്തിൽ സംഘടിപ്പിക്കുകയും വിജയികളെ സബ്ജില്ലാ ജില്ലാതല മത്സരങ്ങളിൽ പങ്കെ ടുക്കാൻ ആവശ്യമായ പരിശീലനം നൽകു കയും ചെയ്യുന്നു. അതോടൊപ്പം ഫുട്ട് ബോൾ, നെറ്റ് ബാൾ എന്നിവയിൽ കുട്ടി കൾക്ക് സ്കൂളിൽ പരിശീലനം നൽകു ന്നു. | സ്പോർട്സ് ക്ലബ്ബ് |
| | ➢ കുട്ടികൾക്കായി കരാട്ടെ ക്ലാസുകൾ ആരംഭിക്കുന്നു. | |
| | ➢ Maths for nation building – poster നിർമ്മാണ മത്സരം സംഘടിപ്പിക്കുന്നു. | ഗണിത ക്ലബ്ബ് |
| | ➢ Spelling competition & Roleplay competion കുട്ടികളുടെ ആശയവിനിമയ കഴിവുകൾ പരിപോഷിക്കാനും ഇംഗ്ലീഷ് പദസമ്പത്ത് വർദ്ധിപ്പിക്കാനുമായി സംഘടി പ്പിക്കുന്നു. | ഇംഗ്ലീഷ് ക്ലബ്ബ് |
| നവംബർ | ➢ കേരളപിറവിദിനം, മലയാള ഭാഷാ ദിന മായി വിപുലമായ ചടങ്ങുകളോടെ നടത്തു ന്നു. സാഹിത്യ ലോകത്ത് വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്ന എഴുത്തുകൂട്ട രൂപീകര ണം, പുസ്തക ചർച്ച, വിവിധ സാഹിത്യ ശാഖകളെ പരിചയപ്പെടൽ ചുമർ പത്രിക പതിപ്പ് തയ്യാറാക്കൽ തുടങ്ങിയവ സംഘടി പ്പിക്കുന്നു. | വിദ്യാരംഗം കലാസാ ഹിത്യ വേദി |
| | ➢ ശാസ്ത്ര ഗണിതശാസ്ത്ര പ്രവൃത്തി പരി ചയ മേളകളിൽ സബ്ജില്ലാ തലത്തിൽ വിജയിച്ച കുട്ടികളെ ജില്ലാതലത്തിൽ വിജ യിച്ച കുട്ടികളെ ജില്ലാതലത്തിലേക്ക് പങ്കെ | സയൻസ്, മാത്സ് ഐ.ടി പ്രവൃത്തി പരി ചയ ക്ലബ്ബുകൾ |

| | | |
|---|---|---|
| | ടുക്കാനുള്ള പരിശീലനം നൽകുന്നു. ഐടി മേളകൾക്കായി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | |
| | ➢ സ്കൂൾ തല റോബോടിക് ഫെസ്റ്റ് മത്സരം സംഘടിപ്പിക്കുന്നു. | ലിറ്റിൽ കൈറ്റ് ക്ലബ്ബ് |
| | ➢ പത്താം ക്ലാസ്സിലെ കുട്ടികൾക്കായി രാവിലെയും വൈകുന്നേരവും പ്രത്യേക പരിശീലനം സംഘടിപ്പിക്കുന്നു. | എസ്.ആർ.ജി |
| | ➢ എല്ലാ ക്ലാസിലേയും പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി ക്ലാസുകൾ നടത്തുന്നു. | എസ്.ആർ.ജി |
| | ➢ ശിശുദിനവുമായി ബന്ധപ്പെട്ട് ജവഹർലാൽ നെഹ്റുവിന്റെ ജീവിതം കുട്ടികൾക്ക് പരിചയപ്പെടുത്താൻ സെമിനാർ സംഘടിപ്പിക്കുന്നു. റാലി സംഘടിപ്പിക്കുന്നു | സോഷൽ സയൻസ് ക്ലബ്ബ് |
| | ➢ അന്തരാഷ്ട ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട് ശാസ്ത്ര മേഖലയിൽ ഭാരത്തിന്റെ സംഭാവനകൾ എന്ന വിഷയവുമായി ബന്ധപ്പെട്ട ഉപന്യാസ മത്സരവും പ്രസംഗ മത്സരവും സംഘടിപ്പിക്കുന്നു. | സയൻസ് ക്ലബ്ബ് |
| | ➢ ടസൈബർ സുരക്ഷാ ദിനവുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ക്ലാസ് സംഘടിപ്പിക്കുന്നു. | ലിറ്റിൽ കൈറ്റ് |
| | ➢ ലോക പ്രമേഹ ദിനവുമായി ബന്ധപ്പെട്ട് യുപി വിഭാഗം കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു. | ഹെൽത്ത് ക്ലബ്ബ് |
| | ➢ ശിശുദിനവുമായി ബന്ധപ്പെട്ട് സാഹിത്യകാരനായ നെഹറുവിന്റെ പുസ്തകങ്ങളെ പരചയപ്പെടത്തുന്നു. | വിദ്യാരംഗം മലയാളം അധ്യാപകർ |
| ഡിസംബർ | ➢ രണ്ടാംടേം പരീക്ഷകൾക്കായി കുട്ടികളെ പരിശീലിപ്പിക്കുന്നു. | എസ്.ആർ.ജി |
| | ➢ സുരീലി ഹിന്ദി പരിപാടി യുപി തലത്തിലും ഹൈസ്കൂൾ തലത്തിലും സംഘധടിപ്പിക്കുന്നു. | ഹിന്ദി ക്ലബ്ബ് |
| | ➢ ലോക എയ്ഡഡ് ദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ബോധവത്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | ഹെൽത്ത് ക്ലബ്ബ് |
| | ➢ മലിനീകരണ നിയന്ത്രണ ദിനവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ക്ലാസ് സംഘടിപ്പിക്കുന്നു. | ഇക്കോ ക്ലബ്ബ് |
| | ➢ ഊർജ്ജ സംരക്ഷണ ദിനവുമായി ബന്ധ | സയൻസ് ക്ലബ്ബ് |

| | | |
|---|---|---|
| | പ്പെട്ട് സെമിനാർ സംഘടിപ്പിക്കുന്നു. | |
| | ➢ ദേശീയ ഗണിത ശാസ്ത്രദിനവുമായി ബന്ധപ്പെട്ട് പ്രശസ്തനായ ഗണിതാധ്യാപകനെ സ്കൂളിലേക്ക് ക്ഷണിച്ച് കുട്ടികൾക്ക് സംവാദനത്തിന് അവസരം നൽകുന്നു. | ഗണി ക്ലബ്ബ് |
| | ➢ സ്കൂളിൽ ക്രിസ്മസ് ആഘോഷം സംഘടിപ്പിക്കുന്നു. | |
| ജനുവരി | ➢ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്ക് തീവ്രപരിശീലനം ആരംഭിക്കുന്നു. | എസ്.ആർ.ജി |
| | ➢ കുട്ടികളിൽ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി മോഡലുകൾ നിർമ്മിക്കുക. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം, ലഘു പ്രോജക്ടുകൾ എന്നിവ തയ്യാറാക്കുന്നു. | സയൻസ് ക്ലബ്ബ് |
| | ➢ വൈ.ഐ.പി പ്രോജക്ടിനായി കുട്ടികളെ പരിശീലിപ്പിക്കുന്നു. | |
| | ➢ ഇൻഡ്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രധാന സംഭവങ്ങളെ കൂട്ടിചേർത്ത് ഡോക്യുമെന്റി പ്രദർശനം സംഘടിപ്പിക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ് |
| | ➢ കുട്ടികളിൽ creative writing പ്രോത്സാഹിപ്പിക്കാൻ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. Reading Competition സംഘടിപ്പിക്കുന്നു. | ഇംഗ്ലീഷ് ക്ലബ്ബ് |
| | ➢ റിപ്പബ്ലിക് ദിന റാലി | സോഷ്യൽ ക്ലബ്ബ് |
| ഫെബ്രുവരി | ➢ എസ്.എസ്.എൽ.സി വിദ്യാർത്ഥികളെ മോഡൽ പരീക്ഷയ്ക്കായി പരിശീലനം നടത്തുന്നു. | എസ്.ആർ.ജി |
| | ➢ എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കായി കോർണർ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. | |
| | ➢ എസ്.എസ്.എൽ.സി വിദ്യാർത്ഥികളെ ഐ.റ്റി പരീക്ഷയ്ക്കായി തയ്യാറെടുപ്പിക്കുന്നു. മറ്റുക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് പരീക്ഷാപരിശീലനം നടത്തുന്നു. പഠനപിന്തുണ ആവശ്യമുള്ള കുട്ടികൾക്കായി പ്രത്യേക ക്ലാസ്സുകൾ നടത്തുന്നു. | |
| | ➢ ദേശീയ ശാസ്ത്രദിനവുമായി ബന്ധപ്പെട്ട് സെമിനാറുകൾ, പ്രബന്ധാവതരണം എന്നിവ സംഘടിപ്പിക്കുന്നു. | സയൻസ് ക്ലബ്ബ് |

| | | |
|---|---|---|
| മാർച്ച് | ➢ 5 മുതൽ 10 വരംയുളള ക്ലാസുകളിലെ പരീക്ഷകൾ കൃത്യമായി നടത്തപ്പെടുന്നു. ഉത്തരകടലാസുകൾ മൂല്യനിർണയം നടത്തി പഠനപിന്തുണ ആവശ്യമായ കുട്ടി കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. ഏപ്രിൽ മാസത്തിൽ അവർക്ക് പ്രത്യേക ക്ലാസു കൾ സംഘടിപ്പിക്കാൻ തീരുമാനിക്കുന്നു. | എസ്.ആർ.ജി |